**പതിനാലാം കേരളനിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3500** | **14.03.2017-ൽ മറുപടിക്ക്**

**ജിഷ കേസിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്**

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ക്രൈം നമ്പർ 909/2016പ്രകാരം കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ജിഷ കേസിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ചുവോ; ആന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു; | (എ) ഈ കേസ്സിന്റെ ആദ്യാന്വേഷണം കുറുപ്പംപടി സി.ഐ. ആയിരുന്ന ശ്രീ.കെ.എൻ.രാജേഷ് ആയിരുന്നു നടത്തിയിരുന്നത്. തുടർന്ന് പെരുമ്പാവൂർ ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ. കെ. അനിൽകുമാറും അതിനെ തുടർന്ന് ആലുവ റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ആയിരുന്ന ശ്രീ.കെ.എം.ജിജി മോനും അന്വേഷണം നടത്തിയിട്ടുള്ളതാണ്. തുടർന്ന് ഒരു സ്പെഷ്യൽ ടീം ദക്ഷിണ മേഖലാ എ.ഡി.ജി.പി. ശ്രീമതി ബി.സന്ധ്യ ഐ.പി.എസ്.ന്റെ നേതൃത്വത്തിൽ രൂപീകരിച്ച് ഇപ്പോഴത്തെ സി.ബി.സി.ഐ.ഡി., ഐ.എസ്.ഐ.റ്റി, കേരള പോലീസ് സൂപ്രണ്ട് ശ്രീ. എസ്. ശശിധരൻ കേസ്സന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) സ്റ്റേഷൻ ഹൗസ് ഓഫീസർ അല്ല അന്വേഷണ റിപ്പോർട്ട് നൽകിയതെന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർ കണ്ടെത്തി യിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഈ റിപ്പോർട്ടിന്റെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ടോ; ഇത്തരത്തിൽ റിപ്പോർട്ട് നൽകിയത് ആരാണ്? | (സി) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**